01-06-2018



മാരാമൺ ● ഇന്നലെ അധ്യയന വർഷാരംഭത്തിൽ പൊലീസ് 'അകമ്പടി'യോടെ ക്ലാസ്മുറിയിലെത്തിയ ദീപുവിനെ കണ്ടു കുട്ടികൾ ഒന്നമ്പരന്നു. പ്രതിയായിട്ടല്ല, പഠിക്കാനാണ് എന്നു തിരിച്ചറിഞ്ഞപ്പോൾ അവർ അവനെ ചേർത്തു നിർത്തി. കോയിപ്രം എസ്ഐ കെ.എസ്. ഗോപകുമാറിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘമാണ് ഇന്നലെ എട്ടാം ക്ലാസിൽ ചേർക്കാൻ ദീപുവിനെയും കൂട്ടി എംഎംഎ എച്ച്എസ്എസിൽ എത്തിയത്. ജീവിക്കാനോ പഠിക്കാനോ മാർഗമില്ലാതെ പുറംലോകമറിയാതെ വീട്ടിലെ കുടുസുമുറിയിൽ കഴിഞ്ഞിരുന്ന പതിമൂന്നുകാരനാണ് പൊലീസ് ഇനി 'രക്ഷാകർത്താവാ'കുന്നത്.

തളർവാതം പിടിപെട്ടു ചെട്ടിമുക്കിലെ അടച്ചുറപ്പില്ലാത്ത വീട്ടിലെ കട്ടിലിൽ ജീവച്ഛവമായി കിടക്കുന്ന അമ്മ സുലോചനയ്ക്കൊപ്പമാണു ദീപു കഴിഞ്ഞിരുന്നത്. അയൽക്കാർ നൽകുന്ന ഭക്ഷണമായിരുന്നു ഇരുവരുടെയും ജീവൻ നിലനിർത്തിപോന്നിരുന്നതും. അച്ഛൻ രാഘവൻ നേരത്തെ മരിച്ചു. ആരും ആശ്രയമില്ലാതെ പകച്ചുനിൽക്കുമ്പോഴാണു ദൈവദൂതരെപ്പോലെ പൊലീസ് എത്തുന്നത്. ആരോ നൽകിയ വിവരമാണ് പൊലീസിനെ അവിടെ എത്തിച്ചതും.

ദീപുവിന്റെ പഠനമുറിയായി പൊലീസ് സ്റ്റേഷൻ കഴിഞ്ഞ അവധിക്കാലത്ത് എസ്ഐ ഗോപകുമാർ വീട്ടിലെത്തി ദീപുവിനെ 'പിടികൂടിയതോടെ' ദീപുവിനു പുതിയ പ്രതീക്ഷകൾ ഉടലെടുത്തു. സ്റ്റേഷനിലെത്തിച്ച അവന് അവിടെ തന്നെ പഠനമുറിയൊരുക്കി വേണ്ട സൗകര്യങ്ങളും പൊലീസ് ഒരുക്കി. ആദ്യനാളുകളിൽ ഒരു അച്ഛൻ പകർന്നു നൽകുന്നതു പോലെ എസ്ഐ തന്നെ അവനെ പാഠഭാഗങ്ങൾ പഠിപ്പിച്ചു.

ഭീതിയൊഴിഞ്ഞ് അക്ഷരങ്ങൾ ദീപുവിൽ പതുക്കെ പഠനത്തിന്റെ കൂടൊരുക്കി തുടങ്ങി. എസ്ഐയ്ക്കു തിരക്കായതോടെ ദീപുവിനെ പഠിപ്പിക്കാൻ പിന്നീട് ഒരു പെൺകുട്ടിയെ ചുമതലപ്പെടുത്തി. സ്റ്റേഷൻ വിട്ട് സ്കൂളിലേക്ക് ഇന്നലെ രാവിലെ 9.30നു തന്നെ കോയിപ്രം പൊലീസ് സ്റ്റേഷനിലെ ജീപ്പ് സ്കൂൾ മുറ്റത്തെത്തി. പുതുമോടിയിൽ വസ്ത്രമണിഞ്ഞ് ബാഗും തോളിലിട്ട് ദീപു ഇറങ്ങിയത് ചെറുപുഞ്ചിരിയോടെ.

ഒപ്പം എസ്ഐയും എഎസ്ഐമാരായ ഷംസുദീനും രാജനും ഡബ്ല്യുപിസിഒ സ്മിത, സിപിഒമാരായ രാജേഷ്, ദീപു എന്നിവരും. പ്രധാനാധ്യാപിക ആഷാ ജോർജ്, അധ്യാപകരായ അന്നമ്മ മാത്യു, പി.ജെ. സ്കറിയ എന്നിവർ ചേർന്നു ദീപുവിനെ സ്വീകരിച്ചു ക്ലാസ്മുറിയിലിരുത്തി. ഇനി പിടിഎ യോഗങ്ങളിലും മറ്റും ദീപുവിന്റെ പഠനപുരോഗതി വിലയിരുത്താൻ 'രക്ഷിതാവായി' കോയിപ്രം പൊലീസ് സ്കൂളിലെത്തും.

കഴിഞ്ഞയിടെ ഉടമസ്ഥരില്ലാതെ അലഞ്ഞുതിരിഞ്ഞു നടന്ന പശുവിനെ സ്റ്റേഷൻ വളപ്പിൽ ഒരാഴ്ച പരിചരിച്ച ശേഷം ഉടമസ്ഥനെത്തിയപ്പോൾ തിരികെ നൽകിയതും സ്റ്റേഷൻ വളപ്പിലെ രണ്ടേക്കറിൽ ജൈവ പച്ചക്കറി കൃഷി ഹരിതാഭ പടർത്തിയതും കോയിപ്രം പൊലീസിന്റെ തൊപ്പിയിലെ പൊൻതൂവലുകളായിരുന്നു.